സപ്ലൈകോയുടെ വിൽപ്പനശാലകൾ ഇല്ലാത്ത ഗ്രാമപഞ്ചായത്തുകൾക്ക് മുൻഗണന നൽകിയാണ് ഇപ്പോൾ മാവേലി സ്റ്റോറുകൾ അനുവദിക്കുന്നത്.

കോഴിക്കോട് താലൂക്കിൽ പുതിയ റേഷൻ കാർഡുകളുടെ വിതരണം

129(1386) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് താലൂക്കിൽ പുതിയ റേഷൻ കാർഡുകൾ വിതരണം ചെയ്യുന്നതിന് കാലതാമസം നേരിടുന്നതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷകർക്ക് പുതിയ റേഷൻ കാർഡുകൾ വിതരണം ചെയ്യുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കോഴിക്കോട് താലൂക്കിൽ റേഷൻ കാർഡിനുള്ള അപേക്ഷകൾ മറ്റ് താലൂക്കുകളെ അപേക്ഷിച്ച് വളരെ കൂടുതലാണ്. 32 പഞ്ചായത്തുകളിലായി 25885 അപേക്ഷകൾ കാർഡ് വിഭജിച്ച് നൽകുന്നതിനായി ലഭിച്ചിട്ടുണ്ട്. ഇതുപ്രകാരം ഏകദേശം 70000-ത്തോളം റേഷൻ കാർഡുകൾ തയ്യാറാക്കേണ്ടിവരുന്നുണ്ട്. കൂടാതെ ഓഫീസിൽ സ്വീകരിച്ച 19000-ത്തോളം അപേക്ഷകളിലും തീർപ്പ് കല്പിക്കേണ്ടതുണ്ട്. ഓൺലൈനായി ഇതുവരെ 12865 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ദിനംപ്രതി നൂറ് കണക്കിന് അപേക്ഷകൾ ഓൺലൈനിലും ലഭിക്കുന്നുണ്ട്. ഈ കാർഡുകളിലൊക്കെ തീരുമാനമെടുക്കാനുള്ളതുകൊണ്ടാണ് കാലതാമസം വന്നത്. എന്നിരുന്നാലും 32 പഞ്ചായത്തുകളിലെയും റേഷൻകാർഡ് തയ്യാറാക്കുന്ന ജോലികൾ അവസാനഘട്ടത്തിലാണ്. 21 പഞ്ചായത്തുകളിലെ കാർഡ് വിതരണത്തിന് താൽക്കാലിക തടസ്സം നേരിട്ടത് ലാമിനേഷൻ ഫോയിലിന്റെ ലഭ്യത കുറവ് മൂലമാണ് റേഷൻകാർഡുകൾ നൽകുന്നതിനായി അടിയന്തിര നടപടികളാണ് സ്വീകരിച്ചു വരുന്നത്. അധിക ജോലിക്കാരും കമ്പ്യൂട്ടറുകളും ലഭ്യമാക്കി പ്രവർത്തനം ത്വരിതപ്പെടുത്തുന്നുണ്ട്.

(ബി) 28-2-2011-നകം പഞ്ചായത്ത് തലത്തിൽ സ്വീകരിച്ച അപേക്ഷകളിൻമേൽ പൂർണ്ണമായും കാർഡ് വിതരണം നടത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly